പതിനാലാം കേരള നിയമസഭ

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2101** — 11-03-2020 ൽ മറുപടിക്ക്

## പൊതുമേഖല സ്ഥാപനങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖല സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ച് അവയെ സംരക്ഷിക്കുവാൻ സർക്കാർ ശ്രമിക്കുന്നുണ്ട് ഇതിനുവേണ്ടി ബഡ്ജറ്റിൽ നിന്നും ധനസഹായവും അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുകയും ചെയ്തുവരുന്നു.<br><br>കെ.എം.എം.എൽ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇലക്ട്രിക് വാഹനനിർമാണത്തിലൂടെയും വി.എസ്.എസ്.സി/ഐ.എസ്.ആർ.ഒ എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും, പ്രതിരോധമേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണത്തിലൂടെയും ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ |

നടപ്പിലാക്കിവരികയാണ്. ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഡി.പിയിൽ നടപ്പിലാക്കിവരുന്നു. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ് അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്.

ഇന്റേണൽ ആഡിറ്റ് സംവിധാനം, കൃത്യതയാർന്ന അവലോകനം പരിശീലന പരിപാടികൾ എന്നിവയിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറച്ച് ലാഭം വർദ്ധിപ്പിക്കുവാനും അതിലൂടെ അവയെ സംരക്ഷിക്കുന്നതിനും സർക്കാർ ശ്രമിക്കുന്നുണ്ട്.

നിലവിൽ പൊതുമേഖലയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും കൂടുതൽ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ പൊതുമേഖലയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തുന്നതിനും നൂതന ആശയങ്ങൾ/ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ സ്വീകരിച്ച് ഉല്പാദന വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യങ്ങൾ ഉൾപ്പെടെ 19/2/2020 ൽ തിരുവനന്തപുരത്തു ചേർന്ന യോഗത്തിൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, വ്യവസായ വകുപ്പ് തലവൻമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, വ്യവസായ രംഗത്തെ മറ്റ് വിദഗ്ധർ എന്നിവർ പ്രത്യേക യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്യുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്ന് ചർച്ച ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി കൂടുതൽ പരിശോധനകൾ നടത്തി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിയുന്നത്ര സഹായം നൽകുന്നതിന് നടപടികൾ സ്വീകരിയ്ക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ